**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 277** | **09-10-2025 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയ്ക്കായി ഓട്ടോമേറ്റഡ് ടെസ്റ്റിങ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹന രംഗത്ത് കൈവരിച്ച സവിശേഷ നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | • ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോട്ടോർ വാഹന രംഗത്ത് കൈവരിച്ച സവിശേഷ നേട്ടങ്ങൾ താഴെ പറയും പ്രകാരമാണ്.<br>• AI ക്യാമറകൾ സ്ഥാപിച്ചതിലൂടെ പൊതുനിരത്തിലുണ്ടാകുന്ന കുറ്റകൃത്യങ്ങളായ, ഇരുചക്രവാഹനങ്ങളിൽ ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുക, നാല് ചക്രവാഹനങ്ങളിൽ സീറ്റ് ബെൽറ്റ് ധരിക്കാതെ യാത്ര ചെയ്യുക, അനധികൃത പാർക്കിംഗ് എന്നിവ കണ്ടെത്തുക വഴി വാഹനാപകടങ്ങളുടെ എണ്ണവും അതുമൂലമുണ്ടാകുന്ന മരണനിരക്കും ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. ഇതിനായി സംസ്ഥാനത്തൊട്ടാകെ 726 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br>• എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിലേയ്ക്കായി ഇ-ചെല്ലാൻ സേവനം ഏർപ്പെടുത്തി.<br>• ദ്വിഭാഷാ സംവിധാനത്തിലുള്ള വെബ്സൈറ്റ് നടപ്പിലാക്കി.<br>• ടൂറിസം പദ്ധതിയുടെ പ്രൊമോഷന്റെ ഭാഗമായി കാരവൻ ട്യൂറിസം പദ്ധതി നടപ്പാക്കി.<br>• 8328 അപേക്ഷകൾ തീർപ്പാക്കികൊണ്ട് കേരള സർക്കാരിന്റെ വാഹനീയം പദ്ധതി വിജയകരമായി പൂർത്തിയാക്കി.<br>• സെക്കൻഡ് ഹാൻഡ് വാഹനങ്ങളുടെ വിൽപ്പന നിയമവിധേയമാക്കികൊണ്ട് Dealers Authorisation for Used Cars (DAUC) സർട്ടിഫിക്കറ്റ് ഏർപ്പെടുത്തി. |

- പൊതുജനങ്ങളുടെ ഇടയിൽ E-MOBILITY പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, EVOLVE എന്ന പേരിൽ അന്താരാഷ്ട്ര സെമിനാറും അത്യാധുനിക വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും പ്രദർശനമേളയും സംഘടിപ്പിച്ചു.
- പരിസ്ഥിതിക്ക് അനുയോജ്യമായ പൊതു ഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി പ്രതിവർഷം 1000 (ആയിരം) ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകിവരുന്നു.
- അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി കാലഹരണപ്പെട്ട വാഹനങ്ങൾ സ്ക്രാപ്പ് ചെയ്യുന്നതിന് സർക്കാർ അംഗീകൃത SCRAPPING സെന്ററുകൾ സംസ്ഥാനത്തിന്റെ മൂന്നു മേഖലകളിലായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. SCRAPPING സെന്ററുകൾ മുഖേന വാഹനങ്ങൾ പൊളിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സർട്ടിഫിക്കറ്റ് ഓഫ് ഡെപ്പോസിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- റോഡ് സുരക്ഷ നടപടികൾക്ക് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 65 ഇലക്ട്രിക് വാഹനങ്ങൾ ലീസിന് എടുക്കുകയും 72 ഫോസിൽ ഫ്യുവൽ വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.
- സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സുരക്ഷാ മുൻനിർത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഉല്ലാസയാത്ര പോകുന്നതിനു മുൻപ് വാഹനം പരിശോധിക്കുന്ന സംവിധാനം ഏർപ്പെടുത്തി.
- കേരളത്തിലെ ആംബുലൻസുകൾക്ക് ഏകീകൃത നിരക്ക് ഏർപ്പെടുത്തി.
- ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ 503 പുതിയ റൂട്ടുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.
- പൊതുജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളുടെ വിശദവിവരങ്ങൾ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ അറിയുന്നതിനായി വെർച്വൽ പി.ആർ.ഒ. സംവിധാനം നടപ്പിലാക്കി.

| | | | |
|---|---|---|---|
| | | | • ബാഹ്യ ഇടപെടൽ ഒഴിവാക്കുന്നതിന് ആധാർ അധിഷ്ഠിതമായി അപേക്ഷിക്കുന്ന സേവനങ്ങൾ കേരളത്തിലെ മോട്ടോർ വാഹന വകുപ്പിന്റെ ഏത് ഓഫീസിലേയ്ക്കും ഓട്ടോമാറ്റിക് ആയി വിതരണം ചെയ്തു പോകുന്ന സംവിധാനം ഏർപ്പെടുത്തി.<br>• പൊതുജന സുരക്ഷ മുൻനിർത്തി കോൺട്രാക്ട് കാര്യേജ്, സ്കൂൾ ബസ്, സ്റ്റേജ് കാര്യേജ് എന്നിവയിൽ ക്യാമറ സംവിധാനം ഏർപ്പെടുത്തി.<br>• കാലടി, കളമശ്ശേരി എന്നിവിടങ്ങളിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടികൾ വിജയകരമായി പൂർത്തിയാക്കി.<br>• പൊതുജനങ്ങൾക്ക് ഗതാഗത നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി "സിവിക് ഐ" എന്ന പേരിൽ ഒരു പുതിയ ആൻഡ്രോയിഡ് പതിപ്പ് മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിച്ചു.<br>• റോഡ് സുരക്ഷാ ഗതാഗത നിയമങ്ങൾ, സുരക്ഷിതമായ ഡ്രൈവിംഗ് രീതികൾ, കാൽനടക്കാരിൽ അവബോധം നൽകുക എന്നിവയ്ക്കുവേണ്ടി ഉപഭോക്തൃസൗഹൃദപരമായ രീതിയിൽ ലീഡ്സ് ആപ്പ് എന്ന സംവിധാനം ആവിഷ്കരിച്ചു.<br>• വാഹനങ്ങൾക്കുള്ള ഫിറ്റ്നസ് ടെസ്റ്റ് സുതാര്യവും കാര്യക്ഷമവുമായി നടത്തുന്നതിന് നിലവിലുള്ള 9 ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സെന്റർ നവീകരിക്കുന്നതിനും 28 ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സെന്റർ പുതിയതായി ആരംഭിക്കുന്നതിനും തീരുമാനിച്ചു.<br>• മോട്ടോർ വാഹന വകുപ്പിൽ നിന്നും നൽകി വന്നിരുന്ന ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡിജിറ്റലൈസ് ചെയ്തു.<br>• അതിർത്തികളിൽ വിർച്വൽ ചെക്ക്പോസ്റ്റ് എന്ന ഒരു ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>• അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുവാൻ തീരുമാനിച്ചു. |
| (ബി) | പഴയ വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയ്ക്കായി ഓട്ടോമേറ്റഡ് ടെസ്റ്റിങ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എവിടെയൊക്കെ പ്രസ്തുത | (ബി) | പുതിയ 19 (പത്തൊൻപത്) ആട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള 9 (ഒൻപത്) എണ്ണം അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും 19 |

| | | | |
|---|---|---|---|
| | സംവിധാനം സ്ഥാപിക്കാനായിയെന്നും ബാക്കിയുള്ള സ്ഥലങ്ങളിൽ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ; | | എണ്ണത്തിന് Preliminary Registration Certificate നൽകുകയും ചെയ്തിട്ടുണ്ട്. പാറശ്ശാല (തിരുവനന്തപുരം), മുട്ടത്തറ (തിരുവനന്തപുരം), ഉഴവൂർ (കോട്ടയം), മൂവാറ്റുപുഴ(എറണാകുളം), തൃപ്പൂണിത്തുറ (എറണാകുളം), ചേവയൂർ(കോഴിക്കോട്), തോട്ട(കണ്ണൂർ), തളിപ്പറമ്പ് (കണ്ണൂർ) ബേല (കാസർഗോഡ്) എന്നിവിടങ്ങളിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 19 സ്ഥലങ്ങളിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | പഴയ വാഹനങ്ങളുടെ ഫിറ്റ്നെസ് ടെസ്റ്റ് ഫീസ് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; അതിന്റെ പഴയതും പുതിയതും ആയ സ്ലാബ് നിരക്കുകൾ അറിയിക്കാമോ; | (സി) | 2021-ൽ 15 വർഷം കഴിഞ്ഞ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് പുതുക്കുന്നതിനും 15 വർഷം കഴിഞ്ഞ നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുമുള്ള ഫീസ് കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത നിരക്ക് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തതിനാൽ പഴയ നിരക്കിലുള്ള ഫീസാണ് ഇത്തരം വാഹനങ്ങൾക്ക് സർക്കാർ ഈടാക്കി വരുന്നത്. പഴയതും പുതിയതുമായ സ്ലാബ് നിരക്കുകൾ അനുബന്ധം-1 ആയി ചേർക്കുന്നു.<br><br>21/08/2025 മുതൽ 20 വർഷം കഴിഞ്ഞ നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് റൂൾ 81 ൽ ഭേദഗതി വരുത്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ വരാത്തതിനാൽ പുതിയ നിരക്കിലുള്ള ഫീസാണ് നിലവിൽ ഈടാക്കി വരുന്നത്. പഴയതും പുതിയതുമായ സ്ലാബ് നിരക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | പഴയ വാഹനങ്ങളുടെ ഫിറ്റ്നെസ് ടെസ്റ്റ് ഫീസ് വലിയതോതിൽ വർദ്ധിപ്പിച്ചത് തടയാൻ സംസ്ഥാന തലത്തിൽ എന്തെങ്കിലും ഇളവുകൾ വരുത്തുന്നതിന് സാധിക്കുമോ; എങ്കിൽ ഇളവ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പഴയ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ഫീസിന്റെ വർദ്ധനയിൽ ഇളവ് വരുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കും. ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഫിറ്റ്നസ് ടെസ്റ്റ് ഫീസ് കുറയ്ക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| Vehicle Service/ Category | | Rate prior to 01.04.2022 | Enhanced rate as per the amendment of CMVR Rule 81 wef.01/04/2022 | Rate levied by the State pursuant to the Stay Order issued by the Honorable High Court (Rate prior to 01.04.2022 retained) |
|---|---|---|---|---|
| 1) | **Renewal of Registration** | | | |
| a) | Motor Cycle | 300 | 1000 | 300 |
| b) | Three Wheeler/ Quadricycle | 600 | 2500 | 600 |
| c) | LMV (Motor Car etc) | 600 | 5000 | 600 |
| d) | Imported (Two/Three Wheeler | 2500 | 10,000 | 2500 |
| e) | Imported (Four Wheeler) | 5000 | 40,000 | 5000 |
| f) | Any other vehicle | 3000 | 6000 | 3000 |
| 2) | **Issue of CF to vehicle older than 15 years** | | | |
| **a)** | **Motor Cycle** | | | |
| (i) | Manual | 400 | 1400 | 400 |
| (ii) | Automatic | 600 | 1500 | 600 |
| **b)** | **Three Wheeler/ Quadricycle** | | | |
| (i) | Manual | 400 | 4300 | 400 |
| (ii) | Automatic | 800 | 4500 | 800 |
| **c)** | **MMV** | | | |
| (i) | Manual | 800 | 10800 | 800 |
| (ii) | Automatic | 1200 | 11500 | 1200 |
| **d)** | **HMV** | | | |
| (i) | Manual | 800 | 13500 | 800 |
| (ii) | Automatic | 1200 | 14000 | 1200 |

**അനുബന്ധം - 2**

| Purpose | | Fees details as per CMVR (Rule 81) before 21/08/2025 | Fees leaved by the state prior to the date 20/08/2025 pursuant to the stay by honourable High court | Fees details as per the amendment CMVR 81 GSR568(E) dtd. 21/08/2025 | Fees levied by the State pursuant to the amendment |
|---|---|---|---|---|---|
| Renewal of certificate of registration for motor vehicles older than 20 years from the date of first registration | | | | | |
| (a) | Invalid Carriage | 500 | | 100 | 100 |
| (b) | Motor Cycle | 1000 | 300 | 2000 | 2000 |
| (c) | Three-Wheeler/ Quadricycle | 2500 | 600 | 5000 | 5000 |
| (d) | Light motor vehicle | 5000 | 600 | 10000 | 10000 |
| (e) | Imported motor vehicle (Two or Three wheeled) | 10000 | 2500 | 20000 | 20000 |
| (f) | Imported motor vehicle (Four or more wheeled) | 40000 | 5000 | 80000 | 80000 |
| (g) | Any other vehicle not mentioned above | 6000 | 3000 | 12000 | 12000 |

## അനുബന്ധം - 2

| Purpose | | Fees details as per CMVR (Rule 81) before 21/08/2025 | Fees leaved by the state prior to the date 20/08/2025 pursuant to the stay by honourable High court | Fees details as per the amendment CMVR 81 GSR568(E) dtd. 21/08/2025 | Fees levied by the State pursuant to the amendment |
|---|---|---|---|---|---|
| Renewal of certificate of registration for motor vehicles older than 20 years from the date of first registration | | | | | |
| (a) | Invalid Carriage | 500 | | 100 | 100 |
| (b) | Motor Cycle | 1000 | 300 | 2000 | 2000 |
| (c) | Three-Wheeler/ Quadricycle | 2500 | 600 | 5000 | 5000 |
| (d) | Light motor vehicle | 5000 | 600 | 10000 | 10000 |
| (e) | Imported motor vehicle (Two or Three wheeled) | 10000 | 2500 | 20000 | 20000 |
| (f) | Imported motor vehicle (Four or more wheeled) | 40000 | 5000 | 80000 | 80000 |
| (g) | Any other vehicle not mentioned above | 6000 | 3000 | 12000 | 12000 |